**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 308 02.03.2020 ൽ മറുപടിയ്ക്ക്

**റേഷൻ സാധനങ്ങൾ കളവ് പോയ സംഭവം**

ചോദ്യം
ശ്രീ. ടി. വി. ഇബ്രാഹിം

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര സപ്ലൈകോ ഡിപ്പോയിൽ നിന്ന് റേഷൻ സാധനങ്ങൾ കളവ് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കിലോ സാധനങ്ങളാണ് കളവ് പോയതെന്ന് അറിയിക്കാമോ; | (എ) | കൊട്ടാരക്കര സപ്ലൈകോ NFSA ഡിപ്പോയിൽ 07/02/2020 ൽ ഡിപ്പോ മാനേജർ നടത്തിയ പരിശോധനയിൽ പുഴക്കലരി **581.004** ക്വിന്റൽ, പച്ചരി **145.009** ക്വിന്റൽ, ഗോതമ്പ് **302.711** ക്വിന്റൽ എന്നിവ കുറവായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഈ കേസിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സ്റ്റോക്കിന്റെ ചുമതലയുള്ള 02 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ്ചെയ്തു. തുടർ അന്വേഷണം നടത്തിവരുന്നു. |
| (സി) | സമാനമായി സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ മോഷണം പോയ മറ്റു കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ 3-ാം നമ്പർ റേഷൻകടയിൽ നിന്നും റേഷൻ സാധനങ്ങൾ മോഷണം പോയി എന്ന ലൈസൻസിയുടെ പരാതിയെത്തുടർന്ന് പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ടി ലൈസൻസിയെ തന്നെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്. തുടർഅന്വേഷണം നടന്നുവരുന്നു. വൈത്തിരി താലൂക്കിലെ 28-ാം നമ്പർ റേഷൻ കടയിൽ നിന്നും 50 ലിറ്റർ മണ്ണെണ്ണ മോഷണം പോയ കേസ് നിലവിലുണ്ട്. ഇത് സംബന്ധിച്ച് മീനങ്ങാടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ